ശ്രീ കെ. സി. ജോർജ്: അനേഷിക്കാതെ എങ്ങനെ മനസ്സിലാകും പോലീസുകാർ ഇടപെട്ടിട്ടില്ലെന്നു്?

ശ്രീ. എ. ജെ. ജോൺ: അല്ലാതെതന്നെ ഗവണ്മെൻറിനു് മനസ്സിലായിട്ടുണ്ടു്.

കൃഷിനികുതിയിളവു്.

*70. [6] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകൃഷിമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ൽ കൃഷിനാശമുണ്ടായതിന്റെ പേരിൽ സംസ്ഥാനത്തെവിടെയെങ്കിലും ഗവണ്മെൻറിനു ലഭിക്കേണ്ടതായ നികുതിയിനത്തിൽ ഇളവു ചെയ്തുകൊടുക്കുകയോ ഗവണ്മെൻറിൽനിന്നും കൃഷിക്കാർക്കു ധനസഹായം നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) വെള്ളംയണിക്കായൽ നിലങ്ങളിൽ 1129-ൽ വെള്ളപ്പൊക്കംമൂലം കൃഷി നശിച്ചുപോയതുകൊണ്ടു് നികുതി ഇളവുചെയ്തുകിട്ടണമെന്നു് അവിടത്തെ കർഷകർ നിവേദനം നടത്തിയിട്ടുണ്ടോ;

(ഡി) അതിന്മേൽ ഗവണ്മെൻറു് എന്തു നടപടിയെടുത്തു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഭൂനികുതി ഇളവു ചെയ്തിട്ടില്ല. ധനസഹായം ചെയ്തിട്ടുണ്ടു്.

(ബി) ധനസഹായം ചെയ്തിട്ടുള്ളതു് കോട്ടയം താലൂക്കിൽ കൈപ്പുഴ വില്ലേജിലാണു്.

(സി) ഉണ്ടു്.

(ഡി) ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: എത്രകാലമായി പരാതി കിട്ടിയിട്ടു്?

ശ്രീ. എ. ജെ. ജോൺ: രീയുതി നല്ല നിശ്ചയമില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: വെള്ളപ്പൊക്കംമൂലം നശിച്ച സ്ഥലങ്ങളിലെ നികുതി ഇളവുചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ലാൻഡ്ടാക്സ് ഇളവുചെയ്തു കൊടുത്തിട്ടുണ്ടു്.

മരച്ചീനി സഹകരണസംഘങ്ങൾ.

*71. [7] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു 1955 ആഗസ്റ്റ് 15-ാം തീയതി വരെ എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(ബി) ഈ സംഘങ്ങളെല്ലാം കൂടി എത്ര ടൺ മരച്ചീനി ശേഖരിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly